"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- എഞ്ചിനീയറിംഗ് വിഭാഗം- കോഴിക്കോട് കോർപ്പറേഷൻ ടൗൺ പ്ലാനിംഗ് ഓഫീസിൽ വിജിലൻസ് & ആന്റി ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധന- കുറ്റാരോപിതനെതിരെ അച്ചടക്കനടപടി- 1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15(2), കേരള സർവ്വീസ് ചട്ടങ്ങൾ ഭാഗം III ചട്ടം 59 (d) എന്നിവ പ്രകാരമുള്ള ഔപചാരിക അന്വേഷണം- അന്വേഷണ ഉദ്യോഗസ്ഥയെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.ഡബ്ല്യൂ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.152/2026/LSGD തീയതി,തിരുവനന്തപുരം, 18-01-2026

---

പരാമർശം:-

1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 30.05.2022ലെ E14-(SC-16/19/KKD)15963/2019 നമ്പർ റിപ്പോർട്ട്
2. 28.09.2022-ലെ EWA2/36/2022-LSGD നമ്പർ കുറ്റപത്രം / കുറ്റാരോപണപത്രിക
3. ഓവർസിയർ ശ്രീ. അനിരുദ്ധൻ ഇ.കെ. 27.03.2023 തീയതിയായും അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീമതി അഞ്ജലി പി. 04.02.2023 തീയതിയായും ഓവർസിയർമാരായ ശ്രീമതി റസീന സി.കെ., ശ്രീമതി ശിൽന വി.കെ. എന്നിവർ 06.02.2023 തീയതിയായും അസിസ്റ്റന്റ് എഞ്ചിനീയർമാരായ ശ്രീ. ബിബിൻ ഒ, ശ്രീ. റിജീഷ് കെ.എം. എന്നിവരും സമർപ്പിച്ച പ്രതിവാദപത്രിക
4. 22.10.2025-ലെ EWA2/36/2022-LSGD നമ്പർ കാരണം കാണിക്കൽ നോട്ടീസ്
5. റിട്ട. സൂപ്രണ്ടിംഗ് എഞ്ചിനിയർമാരായ ശ്രീ. മുഹമ്മദ് ബഷീർ ടി. 04.11.2025 തീയതിയായും ശ്രീ. മുഹമ്മദ് അഷ്റഫ് എ. 05.11.2025 തീയതിയായും റിട്ട. ഓവർസിയർ ശ്രീ. അഹമ്മദ് മുനീർ എം., റിട്ട. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. ഗോപിനാഥ് പി.എം. എന്നിവരും സമർപ്പിച്ച മറുപടി

**ഉത്തരവ്**

കോഴിക്കോട് കോർപ്പറേഷനിലെ ചില ഉദ്യോഗസ്ഥരുടെ ഒത്താശയോടെ ഷാക്കിബ് എന്നയാൾ ലൈസൻസും ബിൽഡിംഗ് പെർമിറ്റും ഒക്യുപെൻസിയും സംഘടിപ്പിച്ചു നല്കുന്നു

എന്നും മറ്റുമുള്ള ആരോപണത്തിന്മേൽ കോഴിക്കോട് കോർപ്പറേഷൻ ടൗൺ പ്ലാനിംഗ് ഓഫീസിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ കോഴിക്കോട് യൂണിറ്റ് മിന്നൽ പരിശോധന നടത്തി കണ്ടെത്തിയ ക്രമക്കേടുകൾ ഉൾപ്പെടുത്തിയ പരാമർശം (1) റിപ്പോർട്ട് വിജിലൻസ് ഡയറക്ടർ വിജിലൻസ് വകുപ്പ് മുഖേന സർക്കാരിലേക്ക് ലഭ്യമാക്കുകയുണ്ടായി. വിജിലൻസ് കണ്ടെത്തിയ ക്രമക്കേടുകൾക്ക് ഉത്തരവാദികളായി കണ്ടെത്തിയ അസിസ്റ്റന്റ് എഞ്ചിനീയർമാരായ ശ്രീമതി അഞ്ജലി പി., ശ്രീ. റിജീഷ് കെ.എം, ശ്രീ. ബിബിൻ ഒ., ഓവർസിയർമാരായ ശ്രീ. അനിരുദ്ധൻ ഇ.കെ., ശ്രീമതി ശിൽന വി.കെ., ശ്രീമതി റസീന സി.കെ. എന്നിവർക്കെതിരെ 1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം അച്ചടക്കനടപടി ആരംഭിച്ച് കുറ്റപത്രം/ കുറ്റാരോപണ പത്രിക നൽകുകയും സേവനത്തിൽ നിന്നും വിരമിച്ച സൂപ്രണ്ടിംഗ് എഞ്ചിനിയർമാരായ ശ്രീ. മുഹമ്മദ് ബഷീർ ടി., ശ്രീ. മുഹമ്മദ് അഷ്റഫ് എ., അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. ഗോപിനാഥ് പി.എം., ഓവർസിയർ ശ്രീ. അഹമ്മദ് മുനീർ എം. എന്നിവർക്കെതിരെ കേരള സർവ്വീസ് ചട്ടങ്ങൾ ഭാഗം III ചട്ടം 59 (d) പ്രകാരം അച്ചടക്കനടപടി ആരംഭിച്ച് കാരണം കാണിക്കൽ നോട്ടീസ് നൽകുകയും ചെയ്തു. തങ്ങൾക്കെതിരെയുള്ള ആരോപണങ്ങളെല്ലാം നിഷേധിച്ചുകൊണ്ട് കുറ്റാരോപിതർ പ്രതിവാദപത്രികയും മറുപടിയും ലഭ്യമാക്കിയിട്ടുണ്ട്.

2. മേൽസാഹചര്യത്തിൽ, കോഴിക്കോട് കോർപ്പറേഷൻ ടൗൺ പ്ലാനിംഗ് ഓഫീസിൽ വിജിലൻസ് നടത്തിയ മിന്നൽ പരിശോധനയിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർമാരായ ശ്രീമതി അഞ്ജലി പി., ശ്രീ. റിജീഷ് കെ.എം, ശ്രീ. ബിബിൻ ഒ., ഓവർസിയർമാരായ ശ്രീ. അനിരുദ്ധൻ ഇ.കെ., ശ്രീമതി ശിൽന വി.കെ., ശ്രീമതി റസീന സി.കെ. എന്നിവർക്കെതിരെ 1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരവും സേവനത്തിൽ നിന്നും വിരമിച്ച സൂപ്രണ്ടിംഗ് എഞ്ചിനിയർമാരായ ശ്രീ. മുഹമ്മദ് ബഷീർ ടി., ശ്രീ. മുഹമ്മദ് അഷ്റഫ് എ., അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. ഗോപിനാഥ് പി.എം., ഓവർസിയർ ശ്രീ. അഹമ്മദ് മുനീർ എം. എന്നിവർക്കെതിരെ കേരള സർവ്വീസ് ചട്ടങ്ങൾ ഭാഗം III ചട്ടം 59 (d) പ്രകാരവും സ്വീകരിച്ചുവരുന്ന അച്ചടക്കനടപടിയിലെ നടപടിക്രമങ്ങളുടെ ഭാഗമായി, ഔപചാരിക അന്വേഷണം നടത്തുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. അതിനായി കോഴിക്കോട് നോർത്ത് സർക്കിൾ സൂപ്രണ്ടിംഗ് എഞ്ചിനിയർ ശ്രീമതി സീന അലക്സ് (PEN:438296)-നെ അന്വേഷണ ഉദ്യോഗസ്ഥയായി നിയോഗിച്ച് ഉത്തരവാകുന്നു.

3. 1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ, Manual for Disciplinary Proceedings-എന്നിവയിൽ അനുശാസിക്കുന്ന നടപടിക്രമങ്ങൾ പാലിച്ച് കുറ്റപത്രം/ കുറ്റാരോപണപത്രികയിൽ ആരോപിച്ചിട്ടുള്ള കുറ്റവുമായി ബന്ധപ്പെട്ട കണ്ടെത്തലുകളും അതിന് ആധാരമായ രേഖകളും വാദിഭാഗം, പ്രതിഭാഗം, സാക്ഷിമൊഴികൾ എന്നിവയെല്ലാം ഉൾപ്പെടുത്തിയുള്ള ഒരു ഔപചാരിക അന്വേഷണ റിപ്പോർട്ട് അന്വേഷണ ഉദ്യോഗസ്ഥ ഒന്നര മാസത്തിനുള്ളിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

DIPUKUMAR S L
അണ്ടർ സെക്രട്ടറി

1. ശ്രീമതി സീന അലക്സ് (PEN:438296), സൂപ്രണ്ടിംഗ് എഞ്ചിനിയർ, കോഴിക്കോട് നോർത്ത് സർക്കിൾ.
2. ശ്രീമതി അഞ്ജലി പി., അസിസ്റ്റന്റ് എഞ്ചിനീയർ.
3. ശ്രീ. റിജീഷ് കെ.എം., അസിസ്റ്റന്റ് എഞ്ചിനീയർ.
4. ശ്രീ. ബിബിൻ ഒ., അസിസ്റ്റന്റ് എഞ്ചിനീയർ.
5. ശ്രീ. അനിരുദ്ധൻ ഇ.കെ., ഓവർസിയർ.
6. ശ്രീമതി ഷിൽന വി.കെ., ഓവർസിയർ.
7. ശ്രീമതി റസീന സി.കെ., ഓവർസിയർ.
8. ശ്രീ. മുഹമ്മദ് ബഷീർ ടി., റിട്ട. സൂപ്രണ്ടിംഗ് എഞ്ചിനിയർ.
9. ശ്രീ. മുഹമ്മദ് അഷ്റഫ് എ., റിട്ട. സൂപ്രണ്ടിംഗ് എഞ്ചിനിയർ.
10. ശ്രീ. ഗോപിനാഥ് പി.എം., റിട്ട. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ.
11. ശ്രീ. അഹമ്മദ് മുനീർ എം., റിട്ട. ഓവർസിയർ.

**(1 മുതൽ 11 വരെ ത.സ്വ.ഭ.വ പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)**

12. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
13. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ / ഓഡിറ്റ്), കേരള
14. സ്റ്റോക്ക് ഫയൽ (EWA2/36/2022-LSGD)

ഉത്തരവിൻ പ്രകാരം

**Signed by Asha. R**
**Date: 18-01-2026 22:34:23**

സെക്ഷൻ ഓഫീസർ